മുംബൈ മലയാളി

Free Circulation Only

വാല്യം 7 ലക്കം 5

മീരാറോഡ് മലയാളി സമാജം മുഖപത്രം

നവംബർ - 2015

എല്ലാ വായനക്കാർക്കും ദീപാവലി ആശംസകൾ

നമ്മുടെ ഓണമഹോത്സവം 2015

മീരാറോഡ് മലയാളി സമാജത്തിന്റെ 2015 ലെ ഓണാഘോഷം സമാജം പ്രസിഡന്റ് ശ്രീ Z.M. സക്കറിയ ഭദ്രദീപം കൊളുത്തി നിർവ്വഹിക്കുന്നു. (കൂടുതൽ ഫോട്ടോകൾ പേജ് 11 ൽ)

"മാവേലിത്തമ്പുരാൻ നാടു കാണാൻ വരും
മാസവിതാവണി മാസം"

എന്നാണ് പ്രശസ്ത കവി ശ്രീ ഒ.എൻ.വി. കുറുപ്പ് എഴുതിയിരിക്കുന്നത്. എന്നാൽ കേരളക്കരയിൽ ഉത്സാഹത്തിന്റെ പൂത്തിരികളും അമിട്ടുകളും കത്തിച്ചും പൊട്ടിച്ചുമെത്തിയ പൊന്നോണം ഇങ്ങ് മീരാറോഡിലെത്തിയപ്പോൾ കന്നിമാസമായിരുന്നു. ഇത് ഈ മായാനഗരിയിലെ പ്രത്യേകതയാണ്. ചിങ്ങംതൊട്ട് മൂന്നുനാലുമാസം വരെയാണ് ഇവിടുത്തെ ഓണാഘോഷങ്ങൾ. മറുനാടൻ മലയാളികൾക്കാവട്ടെ മാസം ഒരു പ്രശ്നമേയല്ല. മറിച്ച് ജന്മനാടിന്റെ ഓർമ്മകൾ അയവിറക്കാനും അവ ഇളംതലമുറയ്ക്ക് പകർന്നു കൊടുക്കാനുമുള്ള അവസരമാണ് ഓണാഘോഷങ്ങൾ.

മഹാനഗരത്തിലെ ഇത്തിരിക്കൂട്ടിൽ പതുങ്ങിയിരിക്കുന്ന എല്ലാ മലയാളികളെയും ഒന്നിപ്പിക്കുക എന്ന ദൗത്യമാണ് എല്ലാ മലയാളി സംഘടനകൾക്കുമുള്ളത്. രജതജൂബിലിയിലേക്കെത്തി നിൽക്കുന്ന മീരാ റോഡ് മലയാളി സമാജവും ഒരുമയുടെ സന്ദേശവുമേന്തി ഓണമഹോത്സവം ഗംഭീരമായി ആഘോഷിച്ചു. സെപ്റ്റംബർ 20ന് അസ്മിത ക്ലബിൽവച്ചാണ് ഈ ആഘോഷം നടത്തിയത്. കന്നിമാസത്തിൽ അഗ്നി വർഷിച്ച് കതിരോൻ കോപം പ്രകടിപ്പിച്ചെങ്കിലും ഒടുവിൽ മനമലിയിച്ച് അദ്ദേഹം കാർമേഘങ്ങളെ മീരാറോഡിലേക്കയച്ച് ഉഷ്ണത്തിന് അറുതി വരുത്തി. പ്രളയംപോലെ വന്ന മഴ ഭാരവാഹികളെ ഞെട്ടിച്ചുവെങ്കിലും ഒടുവിലത് സാന്ത്വനമായി പെയ്തൊഴിഞ്ഞു.

ഗണപതി ബപ്പയുടെ അനുഗ്രഹം നിറഞ്ഞൊഴുകുന്ന സമയത്തായിരുന്നു ഇക്കുറി നമ്മുടെ ഓണം. അതിനാൽ പൂക്കളത്തിലും നിറഞ്ഞ് വിളയാടിയത് വിഘ്നേശ്വരനായിരുന്നു. ദീപപ്രകാശനത്തോടെ പരിപാടികൾ ആരംഭിച്ചു. മീരാറോഡ് മലയാളി സമാജം പ്രസിഡന്റ് ശ്രീ സക്കറിയ എം. സക്കറിയ, വൈസ് പ്രസിഡന്റ് ശ്രീ ഷാജി ഏബ്രഹാം, സെക്രട്ടറി ശ്രീ രാധാകൃഷ്ണൻ നായർ മറ്റു സമാജം ഭാരവാഹികൾ എന്നിവരെല്ലാം ദീപപ്രകാശനത്തിനും പറന്നിറക്കലിനും പങ്കു ചേർന്നു. അവതാരകരായി ശ്രീ ജോർജ്ജ് വർഗ്ഗീസ് കരുവാറ്റയും ഇളംതലമുറയിലെ കുമാരി ബബിതയും, കുമാരി സിൽക്ഷയും തിളങ്ങി.

മീരാറോഡ് കലാകാരന്മാരാൽ സമ്പന്നമാണ് എന്ന് തെളിയിച്ച ദിനംകൂടിയായിരുന്നു ഇത്തവണത്തെ ഓണമഹോത്സവം. ഗായകരും, നർത്തകരും കാണികളുടെ ഹൃദയം കവർന്നു. ശരിക്കും പറഞ്ഞാൽ ഗായകരും നർത്തകരും മാറ്റുരച്ച ഓണമായിരുന്നു ഇക്കുറി. മലയാളവും ഹിന്ദിയും തമിഴുമൊക്കെ കൂടികലർന്ന പലതരം നൃത്തങ്ങൾ എല്ലാം ഒന്നിനൊന്ന് മെച്ചമായിരുന്നു. മഴയുടെ അഭാവത്താൽ ചുട്ടുപൊള്ളുന്ന ഇന്നത്തെ ലോകത്തിനു മുന്നിൽ പരിസ്ഥിതി പ്രാധാന്യത്തെപ്പറ്റിയുള്ള 'മേഘപുരം' എന്ന മനുനാടകവും കാണികളുടെ ശ്രദ്ധ പിടിച്ചുപറ്റി.

പത്തിലും പന്ത്രണ്ടിലും ഉയർന്ന മാർക്കു വാങ്ങിയ മിടുക്കരെയും, മലയാളം മിഷൻ അധ്യാപികമാരെയും പൂരസ്കാരങ്ങൾ നല്കി ആദരിച്ചു. കേരളീയ കേന്ദ്ര സംഘടനയുടെ സെക്രട്ടറി ശ്രീ മാത്യു തോമസ്, എം.എൽ.സി., ശ്രീ മുസാഫർ ഹുസൈൻ, ശ്രീ നരേന്ദ്ര മേത്ത എം.എൽ.എ., മേയർ ശ്രീമതി ഗീത ജെയ്ൻ, മാർത്തോമ്മ പള്ളി വികാരി റവ. ജോൺ ജോർജ്ജ്, ഓർത്തഡോക്സ് പള്ളി വികാരി ഫാ. ഗീവർഗ്ഗീസ് എബ്രഹാം എന്നിവർ തദവസരത്തിൽ സന്നിഹിതരായിരുന്നു. ധ്യാൻചന്ദ് പുരസ്കാരം നേടി മീരാറോഡിന്റെ യശസ്സുയർത്തിയ ശ്രീ ടി.പി. പത്മനാഭൻ നായരെ അഭിമാനപൂർവ്വം മീരാറോഡ് മലയാളിസമാജം ആദരിച്ചു.

ശ്രീ ചിത്തമി അച്യുതമാരാരുടെയും സംഘത്തിന്റെയും ചെണ്ടമേളവും, വനിതകളുടെ താലപ്പൊലിയും, മഹാബലിയുടെ എഴുന്നള്ളത്തിന് മാറ്റുകൂട്ടി. കാണികളുടെ കരഘോഷവും, ആർപ്പുവിളിയും ഉച്ചസ്ഥായിലായപ്പോൾ മഹാബലിയും ഭടനും വേദിയിലേക്കെഴുന്നള്ളി. നനഞ്ഞു കുതിർന്ന വേദിയായിരുന്നിട്ടും എല്ലാവരും ഒട്ടുംകുസാതെ ഗംഭീരപ്രകടനം നടത്തിയെന്നത് അഭിനന്ദനാർഹമായ കാര്യമാണ്. വിവേസമൃദ്ധമായ സദ്യ. ഒപ്പം അതീവ സ്വാദിഷ്ടവുമായ സദ്യ ആയിരത്തിലധികം പേരുടെയും മനസ്സും, വയറും നിറച്ചു എന്നു കൂടി പറയട്ടെ.

ഇത്രയധികം പേർക്ക് വച്ചുവിളമ്പിയ പാചകക്കാരെയും, ആഹാരം വിളമ്പിയ ഫുഡ്

(ശേഷം 5-ാം പേജിൽ)

കുടുംബശ്രീ - ഒരു വനിതാ കൂട്ടായ്മ

മീരാറോഡ് മലയാളി സമാജത്തിന്റെ നേതൃത്വത്തിലുള്ള കുടുംബശ്രീ യൂണിറ്റിന്റെ പ്രവർത്തനോദ്ഘാടനം ശ്രീ ടി.പി.പി. നായർ ഭദ്രദീപം കൊളുത്തി നിർവ്വഹിക്കുന്നു.

കേരളത്തിലങ്ങോളമിങ്ങോളം പടർന്നു പന്തലിച്ച കുടുംബശ്രീയുടെ മുംബൈയിലെ രൂപീകരണം മീരാ റോഡ് മലയാളി സമാജത്തിന്റെ ഭാഗമായി തുടക്കമിട്ടു. ഇക്കഴിഞ്ഞ ഓണമഹോത്സവത്തോടനുബന്ധിച്ച് കുടുംബശ്രീയുടെ മുംബൈയിലെ പ്രവർത്തനം മീരാ റോഡിൽ ആരംഭിച്ചു. ഒരു പുതിയ അദ്ധ്യായം തുറക്കുകയാണിവിടെ.

പ്രവാസികളെ മലയാളത്തിന്റെ സംസ്കാരവും രുചിയും അറിയിക്കുന്ന പ്രവർത്തനങ്ങളാണ് കുടുംബശ്രീ ഉദ്ദേശിക്കുന്നത്. ഫാസ്റ്റ്ഫുഡ് തലമുറയുടെ തീൻമേശയിലേക്ക് കേരളീയതയുടെ കടന്നുവരവാണിത്. ഒരു പുതിയ അനുഭവം മുംബൈയിലെ മലയാളികൾക്കായി തുറന്നിടുകയാണ്. നാടിന്റെ രുചിയും ഗന്ധവും കച്ചവട ലക്ഷ്യം മാത്രമാകാതെ വിളമ്പാൻ കുടുംബശ്രീക്ക് കഴിയും. കൂടാതെ സമാജങ്ങൾക്ക് ഒരു വരുമാനമെന്ന ലക്ഷ്യവും സാധിക്കാവുന്നതേയുള്ളൂ. പ്ലാറ്റുകളിൽ അടച്ചിടാതെ സ്ത്രീകളെ കാര്യക്ഷമമായ, സൃഷ്ടിപരമായ മേഖലയിലേക്ക് കൊണ്ടു വരുവാൻ കുടുംബശ്രീക്ക് കഴിയുന്നു. ചിപ്സുകളും, അച്ചാറുകളും, പലഹാരങ്ങളും, ലഘുഭക്ഷണങ്ങളും ആണ് പ്രാഥമികമായി ഇപ്പോൾ കുടുംബശ്രീ നിർമ്മിക്കുന്നത്. മീരാറോഡ് മലയാളി സമാജത്തിന്റെ 'സാന്ത്വനം' എന്ന പ്രസ്ഥാനത്തിലെ വനിതാഅംഗങ്ങൾ മുൻകൈയെടുത്തു പ്രവർത്തിക്കുകയാണിവിടെ.

കേരളത്തനിമയോടെയുള്ള രുചികൾ, കണ്ണിമാങ്ങ, ചമ്മന്തിപ്പൊടി, എണ്ണകൾ എന്നിങ്ങനെ നാട്ടിൽ ലഭ്യമായ പല വസ്തുക്കളും മീരാ റോഡിൽ ഇനി ലഭ്യമാക്കാനാണ് കുടുംബശ്രീയിലെ വനിതകൾ ശ്രമിക്കുന്നത്. ഉല്പാദനവും, വിപണനവും വനിതകൾ നിർവ്വഹിക്കുന്നു. വിപുലമായ ഭാവി പരിപാടികളും കുടുംബശ്രീക്കുണ്ട്. അതിൽ ഗോൾഡ് കവറിംഗ് ആഭരണങ്ങൾ, ജൈവകൃഷിയും, റെഡിമെയ്ഡ് വസ്ത്രങ്ങൾ അങ്ങിനെ വിവിധ ആശയങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

മീരാറോഡിൽ തുടക്കമിട്ട കുടുംബശ്രീ എല്ലാ പ്രവാസ കേന്ദ്രങ്ങൾക്കും വിലമതിക്കാനാവാത്ത പാഠമാണു നൽകുന്നത്. മുംബൈയിൽ അതിന് തുടക്കമിടുന്നത് **മീരാറോഡ് മലയാളി സമാജ**മാണെന്നത് അഭിമാനിക്കാവുന്ന കാര്യമാണ്.

ദീപാവലി ആശംസകൾ

SREE THEERTHAM

Kerala Ayurvedic Dispensary & Treatment Centre

Agency : Nagarjuna Ayurvedic, Kerala

ഉഴിച്ചിൽ, പിഴിച്ചിൽ, കിഴി, ഞവരക്കിഴി, ധാര, വസ്തി, നസ്യം മുതലായ എല്ലാവിധ ചികിത്സകൾക്കും നാഗാർജുനയുടെ ആയുർവ്വേദ മരുന്നുകൾക്കും സമീപിക്കുക.

Arthritis, Spondylitis, Slip disc, Rheumatism, Joint pain, Chronic Back Pain, Skin problems, Migraine, Sinusitis, Diabetes, Acidity, Mental stress, Weakness, Asthma, Hairloss, Dandruff, Menstrual Problems, Hypertension, Piles, Paralysis, Insomnia, Weight Loss, Weight Gain, Urinary Problems, Kidney Stone, Infertility Problems, Memory Problems etc.

DR. SHANTHI *B.A.M.S.*
(Tuesday, Thursday, Saturday & Sunday)
CONSULTATION TIME : 5.00 pm to 8.00 pm

CLINIC TIMING:
9 am to 1 pm & 4.30 pm to 9 pm
Website : www.sreetheertham.com
Mobile : 9870196631 / 9768527208

Contact : **Mr. Santhosh Krishnan**
C-57/001, Sree Vidhya Co-op. Hsg. Society, Sector -10,
Opp. Cable Office, Shantinagar, Mira Road (E), Dist. Thane.
Email: ayurcare@rediffmail.com / sreetheertham@hotmail.com